ടൂറിസം ഡെസ്റ്റിനേഷനുകളുടെ നവീകരണം

222 (2432) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വരുന്ന വിദേശ ആഭ്യന്തര ടൂറിസ്റ്റുകൾ നിർബന്ധമായും കണ്ടിരിക്കേണ്ടതായി മാർക്കറ്റ് ചെയ്യുന്ന പ്രമുഖമായ കേരള ടൂറിസം ഡെസ്റ്റിനേഷനുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത ഡെസ്റ്റിനേഷനുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 9-7-2009-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 1030/09/TSM പ്രകാരം കേരളത്തിലെ 44 പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവ താഴെപ്പറയുന്നവയാണ് :

1. തിരുവനന്തപുരം സിറ്റി
2. കോവളം
3. പൊന്മുടി
4. വർക്കല
5. കൊല്ലം - കൊല്ലം ബീച്ച്, മുണ്ടക്കൽ ബീച്ച്, ആലുംകടവ്, മൺറോ തുരുത്ത്, പരവൂർ തെക്കുംഭാഗം
6. കുമരകം
7. തേക്കടി

LIBRARY ARCHIVES Kerala Legislative Assembly

8. മൂന്നാർ, ഇപ്പൻപാറ, പത്തു പാറ, തൊമ്മൻകുത്ത്.

9. ആലപ്പുഴ

10. കൊച്ചി സിറ്റി

11. കാലടി

12. ഗുരുവായൂർ

13. കോഴിക്കോട് സിറ്റി

14. കാപ്പാട്

15. ബേക്കൽ

16. പമ്പിക്കുളം

17. നെല്ലിയാമ്പതി

18. മലമ്പുഴ

19. വയനാട്

20. കടലുണ്ടി നഗരം

21. നിലമ്പൂർ

22. തെന്മല-പാലരുവി

23. മുഴപ്പിലങ്ങാട്- കണ്ണൂർ

24. ആലുവ

25. വാഗമൺ

26. ആതിരിപ്പള്ളി

27. എരുമേലി

28. പറവൂർ

29. പൂവാർ, തിരുവനന്തപുരം

30. മരട്, എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

31. കട്ടനാട്, ആലപ്പുഴ

32. ചെറായി ബീച്ച്, എറണാകുളം.

33. ചാലക്കുടി ആതിരിപ്പള്ളി സെക്ടർ, തൃശ്ശൂർ

34. പെരുവണ്ണാമൂഴി, കോഴിക്കോട്

35. കക്കയം, കോഴിക്കോട്

36. തുഷാരഗിരി, കോഴിക്കോട്

37. മീൻകുന്ന്/പയ്യാമ്പലം - കണ്ണൂർ

38. കൊടികുത്തിമല - മലപ്പുറം

39. ഇരിങ്ങൽ - കോട്ടക്കൽ -കോഴിക്കോട്

40. പറശ്ശിനിക്കടവ് - കണ്ണൂർ

41. ഭൂതത്താൻകെട്ട് - എറണാകുളം

42. ആറന്മുള - പത്തനംതിട്ട

43. ഫോർട്ട് കൊച്ചി, എറണാകുളം

44. ചാവക്കാട് - തൃശ്ശൂർ

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഞ്ചാരികൾക്ക് ബോധവത്ക്കരണം, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം, പ്രത്യേകപരിശീലനം സിദ്ധിച്ച ടൂറിസം പോലീസിന്റെ വിന്യാസം, പ്രധാനപ്പെട്ട ബീച്ചുകളിൽ ലൈഫ് ഗാർഡുകളുടെ സേവനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചു കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകൾ അത്തരം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും സ്ഥലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കി ടൂറിസ്റ്റുകളെ ബോധവന്മാരാക്കുന്നു.ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഞ്ചാരികൾക്ക് 'Life jacket' പോലുള്ള സുരക്ഷാസംവിധാനങ്ങൾ ധരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. House Boat Tracking System നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം, ടൂറിസം വാർഡന്മാരുടെ സേവനം, പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ, ടൂറിസം കേന്ദ്രങ്ങളുടെ സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി ജീവൻരക്ഷാ സന്നദ്ധ സേവകൻ പദ്ധതി മുതലായവ നടപ്പിലാക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, വിനോദസഞ്ചാരികൾക്കുണ്ടാകുന്ന ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ കണ്ടിജൻസി റെസ്പോൺസ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും ടൂറിസം നയത്തിൽ ഉൾക്കൊള്ളുന്നുണ്ട്.

ആലപ്പുഴ ഡി.റ്റി.പി.സി. യിലെ നിയമനം

223 (2433) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഡി.റ്റി.പി.സി യുടെ കീഴിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; അവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ഈ ജീവനക്കാർ എങ്ങനെയാണ് നിയമിതരായിട്ടുള്ളത്; വ്യക്തമാക്കാമോ ;

(സി) 2011-2015 മേയ് മാസം വരെ ആലപ്പുഴ ഡി.റ്റി.പി.സി-ൽ എത്ര പേർക്ക് നിയമനം, ഇവരുടെ നിയമനരീതിയുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളിൽ സെക്രട്ടറി തസ്തിക ഒഴിച്ചുള്ള തസ്തികകളിൽ നിയമനം നടത്തുന്നത് . സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നത് സർക്കാരാണ്. ആലപ്പുഴ ഡി.റ്റി.പി.സി. യുടെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly